"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സംസ്ഥാനത്തെ ഓരോ മേഖലയിലും ഇളവ് ലഭിക്കുന്ന തീയതി മുതൽ പി.എം.എ.വൈ (ജി), പി.എം.ജി.എസ്.വൈ, പി.എം.കെ.എസ്.വൈ - ഡബ്ല്യൂ.ഡി.സി എന്നിവയുടെ പ്രവർത്തനങ്ങൾ പുനരാരംഭിക്കുവാനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയം ഭരണ (ഡി ഡി ) വകുപ്പ്**

**സ.ഉ.(സാധാ) നം.786/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 27/04/2020

---

പരാമർശം:- ഗ്രാമ വികസന കമ്മീഷണറുടെ 20.04.2020 ലെ എച്ച് & റ്റി 1/സി.ആർ.ഡി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ 17.04.20020 ലെ സെക്രട്ടറിയുടെ വീഡിയോ കോൺഫറൻസിങ്ങിൽ പി.എം.എ.വൈ (ജി), പി.എം.ജി.എസ്.വൈ, പി.എം.കെ.എസ്.വൈ - ഡബ്ല്യൂ.ഡി.സി ഉടങ്ങിയ പദ്ധതികളുടെ പ്രവർത്തനങ്ങൾ പുനരാരംഭിക്കുവാൻ നിർദേശം നല്കിയിട്ടുള്ളതായും ആയതിനാൽ പ്രസ്തുത പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം പ്രകാരം ഗ്രാമ വികസന കമ്മിഷണർ ഗ്രാമ വികസന കമ്മിഷണർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോദിച്ച സംസ്ഥാനത്തെ ഓരോ മേഖലയിലും ഇളവ് ലഭിക്കുന്ന തീയതി മുതൽ പി.എം.എ.വൈ (ജി), പി.എം.ജി.എസ്.വൈ, പി.എം.കെ.എസ്.വൈ - ഡബ്ല്യൂ.ഡി.സി എന്നിവയുടെ പ്രവർത്തനങ്ങൾ താഴെ പറയുന്ന നിബന്ധനകൾക്ക വിധേയമായി പുനരാരംഭിക്കുവാനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

1. ഒരു പ്രവർത്തിയിൽ ഒരു ദിവസം 5 ൽ കൂടുതൽ ആളുകൾ പാടില്ല
2. തൊഴിലാളികൾ തമ്മിൽ സാമൂഹിക അകലം പാലിക്കണം
3. തൊഴിലാളികൾ മാസ്ക് ധരിക്കണം
4. കൈ കഴുകുവാൻ സോപ്പും വെള്ളവും ലഭ്യമായിരിക്കണം
5. തൊഴിലാളികൾക്ക കുടിക്കുവാൻ ചൂട് വെള്ളം ലഭ്യമാക്കണം
6. 60 വയസ്സിനു മുകളിൽ പ്രായമുള്ളവരെക്കൊണ്ട് തൊഴിൽ എടുപ്പിക്കരുത്
7. കോവിഡ് രോഗലക്ഷണമുള്ള തൊഴിലാളികളെ ഒഴിവാക്കുകയും പരിശോധനക്ക് വിധേയമാക്കുകയും വേണം

ഓരോ മേഖലയും ഹോട്ട്സ്പോട്ട് പ്രദേശങ്ങളും തിരിച്ചറിഞ്ഞു സർക്കാർ അറിയിക്കുന്ന പ്രകാരം പ്രവർത്തികൾക്ക് അനുമതി നൽകേണ്ടതും, 60 വയസ്സിനു മുകളിൽ പ്രായമുള്ളവരെക്കൊണ്ട് തൊഴിൽ എടുപ്പിക്കരുത് എന്ന വ്യവസ്ഥയിൽ 2020 മേയ് 3 മുതൽ ഇളവ് നൽകുന്ന കാര്യം കൂടി ഗ്രാമ വികസന കമ്മിഷണർ പരിശോധിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജുകുട്ടന് എം എസ്**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ് :ഗ്രാമ വികസന കമ്മിഷണർ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ ), തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ , ഐ & പി.ആർ.ഡി
ഡയറക്ടർ, ഐ .കെ .എം , തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ